**കേരള സർക്കാർ**

നമ്പർ: 201/ആർ.ഡി1/2019/തസ്വഭവ
തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി : 20/11/2019

## സർക്കുലർ

വിഷയം: തദ്ദേശ സ്വയം ഭരണ വകുപ്പ് - 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ , 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ - ചട്ടങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന: 1. ജി.ഒ.(പി) നം. 77/2019/തസ്വഭവ തീയതി 2/11/2019 ( എസ്.ആർ.ഒ നം.828/2019 തീയതി 8/11/2019) അസാധാരണ ഗസറ്റ് നം. 2691 തീയതി 8/11/2019.
2. ജി.ഒ.(പി) നം. 78/2019/തസ്വഭവ തീയതി 2/11/2019 ( എസ്.ആർ.ഒ നം.829/2019 തീയതി 8/11/2019 )അസാധാരണ ഗസറ്റ് നം. 2692 തീയതി 8/11/2019.

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ പരിഷ്കരിച്ച് സൂചന (1) പ്രകാരം 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളും 2011-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പരിഷ്കരിച്ച് സൂചന (2) പ്രകാരം 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളും 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും സുഗമമായി പ്രാബല്യത്തിൽ വരുത്തുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 07.11.2019 വരെ സമർപ്പിച്ച കെട്ടിട നിർമ്മാണ അപേക്ഷകൾക്കും 07.11.2019 ന് മുമ്പ് സമർപ്പിച്ച അപേക്ഷകളിൽ ന്യൂനതകൾ പരിഹരിച്ച് വീണ്ടും സമർപ്പിക്കാൻ ആവശ്യപ്പെട്ടുള്ള അപേക്ഷകൾക്കും പഴയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ (KMBR - 1999, KPBR -2011) ബാധകമായിരിക്കും. എന്നാൽ, 07.11.2019 ന് മുമ്പ് സമർപ്പിച്ച പ്ലാനുകൾ റിവൈസ് ചെയ്യാൻ മടക്കി നൽകിയത് പ്രകാരം വീണ്ടും സമർപ്പിച്ച റിവൈസ്ഡ് പ്ലാനിൽ വിസ്തീർണം അധികരിക്കുന്നില്ലെങ്കിൽ മാത്രം പഴയ ചട്ടം ബാധകമായിരിക്കുന്നതാണ്.

2. സങ്കേതം/ IBPMS വഴി അപേക്ഷ സ്വീകരിച്ചു കൊണ്ടിരിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 07.11.2019 ന് ശേഷം സങ്കേതം/ IBPMS വഴി അപേക്ഷ സ്വീകരിക്കേണ്ടതില്ല. പകരം സോഫ്റ്റ് വെയർ പരിഷ്കരിക്കുന്നതു വരെ മാന്വൽ അപേക്ഷകൾ സ്വീകരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ടി നിർദ്ദേശം എല്ലാ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാരും കർശനമായി പാലിക്കേണ്ടതാണ്.

**റ്റി.കെ.ജോസ്**
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.